ഉത്തരം

(എ) 2908.

(ബി) ഫയർ ഫൈറ്റിംഗ് ആന്റ് റെസ്ക്യൂ ഓപ്പറേഷൻ, ട്രാഫിക് നിയന്ത്രണവും ക്രമീകരണവും, ആഘോഷാവളകളിൽ ബന്തവസ് ഡ്യൂട്ടി, പൊതു പരിപാടികളിലെ ബന്തവസ്സ് ഡ്യൂട്ടി, പ്രകൃതി ദുരന്ത നിവാരണ പ്രവർത്തനം സിവിൽ ഡിഫൻസ് ഇലക്ഷൻ സമയത്ത് സ്പെഷ്യൽ പ്രവർത്തനം, പോലീസ് കോൺസ്റ്റബിൾ സ്റ്റാറ്റിക് പ്രൊട്ടക്ഷൻ ഡ്യൂട്ടി, പ്രൊട്ടാൾ അസിസ്റ്റന്റ്, കമ്മ്യൂണിറ്റി പോലീസിംഗ്, കോസ്റ്റൽ പോലീസ് സ്റ്റേഷൻ ഡ്യൂട്ടി എന്നീ ചുമതലകളാണ് ഹോംഗാർഡുകളെ ഏൽപ്പിക്കുന്നത്.

(സി) അതാത് ബന്ധപ്പെട്ട ഓഫീസർമാർ ഹോംഗാർഡുകളുടെ പ്രവർത്തനം വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തുവരുന്നുണ്ട്.

(ഡി) ഇല്ല.

പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ കേസുകൾ

24 (1765) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥർ പ്രതികളായ എത്ര കേസുകൾ ഇപ്പോൾ നിലവിലുണ്ട് ;

(ബി) മനുഷ്യാവകാശ ലംഘനവുമായി ബന്ധപ്പെട്ട് പോലീസ് സേനയിലെ എത്ര ഉദ്യോഗസ്ഥർക്കെതിരെ ഇപ്പോൾ അന്വേഷണം നടക്കുന്നുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(സി) പോലീസിന്റെ മനുഷ്യാവകാശ ലംഘനപരമായ നടപടികൾ നിയന്ത്രിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കണമെന്നാണ് നിർദ്ദേശം നൽകിയിട്ടുള്ളത് ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

ഹൈടെക് ക്രൈം സെൽ

25 (1766) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈടെക് കേസുകൾ അന്വേഷിക്കുന്നതിനായി ഹൈടെക് ക്രൈം സെൽ തുടങ്ങിയശേഷം ഇതുവരെ എത്ര ഹൈടെക് കേസുകൾ ഈ സെല്ലിന്റെ കീഴിൽ അന്വേഷണം നടത്തി ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവയിൽ എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ കഴിഞ്ഞു ;

(സി) എല്ലാ ജില്ലകളിലും സൈബർ സെല്ലുകളുടെ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞുവോ ; ഇതിന്റെ ഘടന എന്താണ് ;

(ഡി) സൈബർ സെല്ലുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ&ബി) തിരുവനന്തപുരം ഹൈടെക് ക്രൈം എൻക്വയറി സെൽ പ്രവർത്തനം ആരംഭിച്ചതിനുശേഷം ഇതുവരെ 10428 പരാതികൾ ലഭിച്ചിട്ടുണ്ട്. ഇവയിൽ 5899 പരാതികളിൽ തീർപ്പു കൽപ്പിച്ചിട്ടുണ്ട്. ഹൈടെക് ക്രൈം എൻക്വയറി സെല്ലിൽ കേസുകൾ രജിസ്റ്റർ ചെയ്യുന്നില്ല. ഹൈടെക് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിക്കുന്നത് സൈബർ ക്രൈം പോലീസ് സ്റ്റേഷനിലാണ്.

(സി) സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സൈബർ സെല്ലുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എല്ലാ ജില്ലകളിലും ക്രൈം ഡിറ്റാച്ച്മെന്റ് ഡിവൈ.എസ്.പി.-യുടെ കീഴിൽ പ്രസ്തുത വിഷയത്തിൽ പരിശീലനം സിദ്ധിച്ച പോലീസുദ്യോഗസ്ഥർ ജോലി നോക്കുന്നുണ്ട്.

(ഡി) സൈബർ സെല്ലുകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി കമ്പ്യൂട്ടറിൽ പ്രാവീണ്യം നേടിയ പോലീസ് ഉദ്യോഗസ്ഥരെ തെരഞ്ഞെടുത്ത് തിരുവനന്തപുരത്തുള്ള C-DAC എന്ന സ്ഥാപനത്തിലും, പോലീസ് ട്രെയിനിംഗ് കോളേജിലും, കേരള പോലീസ് അക്കാഡമിയിലും അയച്ച് സൈബർ ക്രൈംസ്, സൈബർ ഫോറൻസിക്സ് എന്നിവ സംബന്ധിച്ച് വിദഗ്ദ്ധ പരിശീലനം നൽകി വരുന്നു. അപ്രകാരം പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരെ ജില്ലകളിലെ സൈബർ സെല്ലുകളിൽ പോസ്റ്റ് ചെയ്ത് സെല്ലുകളുടെ അംഗസംഖ്യ കൂട്ടി സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ശ്രമം നടത്തി വരുന്നുണ്ട്. കൂടാതെ സമകാലിക സൈബർ വിഷയങ്ങളെ സംബന്ധിച്ച പരിശീലനവും തുടരുന്നു.

പാലക്കാട് നഗരത്തിലെ കവർച്ചകൾ

28 (1767) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-ൽ പാലക്കാട് നഗരത്തിൽ എത്ര കവർച്ചകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട് ;

(ബി) പ്രസ്തുത കവർച്ചകളിൽ എന്തു നഷ്ടം ഉണ്ടായിട്ടുണ്ട് ; കവർച്ചയ്ക്കിടെ അക്രമങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടോ ; എത്രപേർക്ക് പരിക്ക് പറ്റിയിട്ടുണ്ട് ; എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly